I/44641/2023

**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം</u>**

വിഷയം: ആരോഗ്യവകുപ്പ്: ജീവനക്കാര്യം - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2023 കരട് പട്ടിക - ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. 03/2017/ഉ.പ.ഭ.വ. തീയതി 25/02/2017

2. സഉ (സാധാ) നം. 475/2023/ആ.കു.വ. തീയതി 28.02.2023

3. ഉത്തരവ് നം. ഇ.എച്ച്1- 7074/2023/ആ.കു.വ തീയതി 11.04.2023

**<u>ഉത്തരവ് നമ്പർ ഇഎ2- 5688/2023/ആ.വ.ഡ, തീയതി:10-05-2023</u>**

സൂചന (3) ഉത്തരവ് പ്രകാരം വിവിധ വിഭാഗങ്ങളിലെ 2023-ലെ പൊതുസ്ഥലംമാറ്റ മാനദണ്ഡ അടിസ്ഥാനാക്കിയുള്ള കരട് പട്ടികകൾ പ്രസിദ്ധീകരിച്ചിരുന്നു. ആ യതിൽ ഉൾപ്പെടാതിരുന്ന ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിലെ സ്ഥലംമാറ്റത്തിൻറെ കരട് പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് സംബന്ധിച്ച ആക്ഷേപങ്ങൾ 15.05.2023 വൈകുന്നേരം 05.00 മണിയ്ക്കുള്ളിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന പരിഗണനകൾ സംബന്ധിച്ചതും കോടതി പരാമർശം സംബന്ധിച്ചതുമായ പരിരക്ഷകളെ സംബന്ധിച്ച ആക്ഷേപങ്ങൾക്ക് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ/ ഉത്തരവുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപ്പീലിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ തങ്ങൾക്ക് ലഭിക്കുന്ന അപ്പീലുകൾ പരിശോധിച്ച് പരിഗണന അർഹിക്കുന്നവ അഭിപ്രായ കുറിപ്പോടുകൂടി 16.05.2023 വൈകുന്നേരം 05.00 മണിയ്ക്കുള്ളിൽ dhsgtr23appeals@gmail.com എന്ന ഇ മെയിൽ മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്ന അപ്പീലുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ യഥാസമയം അപ്പീലുകൾ സമർപ്പിക്കാത്തതു കാരണം അന്തിമ സ്ഥലംമാറ്റ പട്ടികയിൽ നിന്ന് ഏതെങ്കിലും ജീവനക്കാ ർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്കായിരിക്കും.

Signed by
Reena K J
Date: 10-05-2023 22:43:08

ഡോ. റീന.കെ.ജെ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ

I/44641/2023